**ലൂക്കാ 1, 57-66 കർത്താവിന്റെ കരം അവനോടുകൂടെയുുായിരുന്നു**

യോഹന്നാന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതം ഇന്നത്തെ തലമുറക്ക് മാതൃകയാണ്. ദൈവീക ഇടപെടലിലൂടെയുള്ള ജനനം, ആഡംബരമില്ലാത്ത ജീവിതം, കർത്താവിന്റെ ഇഷ്ടമനുസരിച്ചുള്ള പ്രവൃത്തികൾ, കൃത്യമായ ജീവിത ദർശനം, സത്യത്തോടു കൂറുള്ള ജീവിതം.........

**1. കർത്താവ് കാരുണ്യം കാണിച്ചിരിക്കുന്നു**

യോഹന്നാൻ എന്ന പേരിനർത്ഥം ദൈവം കരുണാപൂർവ്വം നൽകിയ സമ്മാനം എന്നാണ്. അതുകൊാണ് കർത്താവ് അവളോട് വലിയ കാരുണ്യം കാണിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് അവളുടെ നാട്ടുകാരും ബന്ധുക്കളും അവളോടൊപ്പം സന്തോഷിച്ചത്. മനുഷ്യരുടെ മുമ്പിൽ ഉപേക്ഷിക്കപ്പെട്ട ജീവിതങ്ങളായിരുന്നു സഖറിയായുടെയും എലിസബത്തിന്റെയും. മക്കളില്ലാത്തത് ദൈവത്തിന്റെ ശാപമാണെന്ന് അക്കാലത്ത് വിശ്വസിച്ചിരുന്നു. എന്നാൽ അതിനെല്ലാം അതീതമാണ് ദൈവത്തിന്റെ കാരുണ്യം. മക്കൾ ദൈവത്തിന്റെ കാരുണ്യമാണ്, സമ്മാനമാണ്. നിന്റെ കഴിവുകൊാണ് നിനക്ക് മക്കളുാകുന്നതെങ്കിൽ എല്ലാ ദമ്പതിമാർക്കും മക്കളുാകുമായിരുന്നു. കുഞ്ഞുങ്ങളുടെ ജനനത്തിൽ ദൈവത്തിനുള്ള പങ്ക് നാം തിരിച്ചറിയണം. സൃഷ്ടികർമ്മത്തിൽ പങ്കുചേരുകയെന്നത് വലിയ ദൈവീകപദ്ധതിയിലുള്ള പങ്കുചേരലാണ്.

**2. എട്ടാം ദിവസം പരിഛേദനത്തിനു വന്നു**

ഇന്നത്തെ നമ്മുടെ മാമ്മോദ്ദീസാക്കുതുല്യമായിരുന്നു യഹൂദരുടെ പരിഛേദനകർമ്മം. കുട്ടിയുായി ഏറ്റവും അടുത്ത ദിവസം അവനെ ദൈവത്തിന് സമർപ്പുക്കകയാണ് അവർ ചെയ്തിരുന്നത്. ദൈവം സമ്മാനമായി നൽകിയ മക്കളെ ദൈവത്തിന് സമർപ്പിക്കുകയെന്നതാണ് ദൈവത്തോട് കാണിക്കാവുന്ന ഏറ്റവും നല്ല പ്രവർത്തി. അത് മക്കളെ എല്ലാം അച്ചന്മാരും സിസ്റ്റേഴ്സും ആക്കണമെന്നല്ല. മറിച്ച് മക്കളെ ആത്മീയതയിൽ വളർത്തുവാനും അതിനായി അവരെ പ്രോത്സാഹിപ്പിക്കുവാനും മാതാപിതാക്കൾക്കാകണം. കുട്ടികൾ അതിനോട് സഹകരിക്കുകയും വേണം.

**3. കർത്താവിന്റെ കരം അവനോടുകൂടെയുുായിരുന്നു**

കർത്താവിന് വഴിയൊരുക്കുവാൻ വന്ന യോഹന്നാന്റെ കൂടെ കർത്താവിന്റെ കരം ഉായിരുന്നു. ദൈവഹിതപ്രകാരം ജീവിക്കുന്ന മക്കളുടെ ജീവിതത്തിലാണ് ദൈവകരം അവരോടൊപ്പംമുാകുക. കർത്താവിന്റെ സംരക്ഷണമുള്ളവരാണ് അനുഗ്രഹീതർ. ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവരായിരിക്കണം നമ്മുടെ കുഞ്ഞുങ്ങൾ..

**4. ഈ ശിശു ആരായിത്തീരും**

ഇന്നത്തെ മാതാപിതാക്കളുടെ ഏറ്റവും വലിയ ആശങ്കയാണ് തന്റെ മകൻ, മകൾ ആരായിത്തീരും എന്നത്. നിങ്ങളുടെ ആഗ്രഹപ്രകാരമല്ല മറിച്ച് ദൈവത്തിന്റെ ആഗ്രഹപ്രകാരമാണ് മക്കളെ വളർത്തേത്. മക്കൾ നല്ല രീതിയിൽ ആയിത്തീരണമെങ്കിൽ അവരെ ദൈവേഷ്ടമനുസരിച്ച് വളർത്തണം.....എന്നുപറഞ്ഞാൽ നാം ശ്രദ്ധിക്കേ ചില മേഘലകൾ..

1. **അവരുടെ വിശ്വാസ ജീവിതം** ( പള്ളിയിൽ പോകുന്നുോ, കുമ്പസാരിക്കുന്നുോ, കുടുംബപ്രർത്ഥനക്ക് അവർ ചേരുന്നുോ, വ്യക്തിപരമായ പ്രാർത്ഥന അവർക്കുോ)
2. **വിദ്യാഭ്യാസം** (മാതാപിതാക്കളുടെ ശ്രദ്ധ എത്തുന്ന സ്ഥലങ്ങളിൽ പഠിപ്പിക്കുക, സ്ഥിരം ക്ലാസിൽ പോകുക, അന്നന്നുപഠിക്കുക, കഴിവിനനുസരിച്ച് പഠിപ്പിക്കുക)
3. **ജീവിത രീതികൾ** (ഭക്ഷണക്രമം, വസ്ത്രധാരണം, ശുചിത്വം, ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗം മുതലായവ)
4. **ബന്ധങ്ങൾ**

**ഫാ.ജോസഫ് കോയിക്കൽ**